
# അക്കാദമിക് മാസ്റ്റർ പ്ലാൻ



## ആമുഖം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നൂതനമായ പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ പുത്തൻ ഉണർവ് ഏകുന്നതും ദൂരവ്യാപകഫലം ഉളവാക്കുന്നതുമായ പദ്ധതികൾ ഏവർക്കും സന്തോഷദായകമാണ്. ജനകീയ കൂട്ടായ്മയാണ് പദ്ധതിയുടെ കാതൽ പൊതുവിദ്യാലയങ്ങളുടെ ശാക്തീകരണത്തിൽ വിദ്യാലയത്തിന്റെ പങ്ക് വ്യക്തമാക്കപ്പെട്ടതാണ്.

നന്മയുടെ, കൂട്ടായ്മയുടെ, അധ്വാനത്തിന്റെ സ്നേഹത്തിന്റെ, സന്തോഷത്തിന്റെ, സഹവർത്തിത്വത്തിന്റെ കേദാരഭൂമിയാവണം ഗ്രാമീണ പാഠശാല നവീനതയിലേക്ക് ദിശാബോധം നൽകാൻ പറ്റിയ വിദ്യാലയത്തിന്റെ ആരോഗ്യപൂർണമായ കാലത്തിനു വേണ്ടി കൂട്ടായി ശ്രമിക്കണം. നാടിന്റെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക ചരിത്രത്തെയും പാരമ്പര്യത്തെയും അറിയാതെ വളർന്ന കുട്ടികൾക്ക് മാനവികമായ ചിന്തയോ കാഴ്ചപ്പാടോ ഉണ്ടാവണമെന്നില്ല. ആരോഗ്യപൂർണവും മൂല്യാധിഷ്ഠിതവും ആയ പുതിയ തലമുറയുടെ പിറവിയാണ് ലക്ഷ്യമാക്കുന്നത്. അതിന് പഠനത്തിൽ സ്വയം പ്രവർത്തനത്തിന് പ്രാധാന്യം നൽകണം. കുട്ടികളുടെ വർദ്ധിച്ച പങ്കാളിത്തം ഉറപ്പു വരുത്തുന്ന പ്രോജക്റ്റ് രീതിയിൽ ഉള്ള പഠനസമ്പ്രദായം

സ്വീകരിക്കേണ്ടി വരും. ആയതിനുള്ള അവസരങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ചെടുക്കണം. സമൂഹ ശേഷികളെ വിദ്യാലയത്തിലേക്ക് ആവാഹിച്ച് കൊണ്ടുവരണം. അവയെ നമ്മുടെ കുട്ടികളിലേക്ക് സന്നിവേശിപ്പിച്ച് സാമൂഹ്യബോധമുള്ള പൗരന്മാരായി വാർത്തെടുക്കണം. ഇങ്ങനെ കുട്ടികളെ കർമ്മ പഥത്തിലേക്ക് നയിക്കാൻ ഉള്ള ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് കുരിയോട് എൽ.പി. സ്കൂൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## പൊതുലക്ഷ്യങ്ങൾ

* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവും ആയ പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും

* സ്കൂളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നു.

* ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കളെ അറിയിക്കും.

* പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകുന്നു.

* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും.

* മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി വളർത്തിയെടുക്കും.

* കുട്ടികൾക്ക് പോഷകാഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും

* വലിച്ചെറിയൽ മുക്ത വിദ്യാലയമായി പ്രഖ്യാപിക്കുന്നു.

വിദ്യാലയത്തിന്റെ പേര് : കുരിയോട് എൽ. പി. സ്കൂൾ.

അവസ്ഥാ വിശകലനം : വായനയ്ക്ക് ആസ്വാദന തലമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥ.

മേഖല : വായന.

പരിപാടിയുടെ പേര് : ഞാനും വായിക്കും.

മാസം : ജൂൺ – മാർച്ച്.

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | റിസോഴ്സ് ~~പങ്കിടുന്ന~~ | പങ്കിടുന്ന ~~റിസോഴ്സ്~~ | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളെ മികച്ച വായനക്കാരാക്കി മാറ്റുന്നതിന് | 1. പ്രീടെസ്റ്റ്. കുട്ടികളുടെ വായന നിലവാരം കണ്ടെത്താനുള്ള പ്രവർത്തനം.<br>2. അക്ഷരവായന. കാർഡുകളിലെഴുതി അക്ഷരങ്ങൾ ഉയർത്തി കാട്ടുന്നു. അറിയാവുന്നവർ കൈ ഉയർത്താത്തവരെ കൊണ്ട് വായിക്കുന്നു. ശേഷം തെറ്റായി വായിച്ചവരെ ശരിയായി വായിച്ചവർ സഹായിക്കുന്നു. | വായനാ കാർഡുകൾ | അധ്യാപിക<br>അധ്യാപിക രക്ഷിതാക്കൾ. | വായനകാർഡുകൾ അവശ്യമായവ<br>ചാർട്ട് മാർക്കർ. |

| | | | | | |
|---|---|---|---|---|---|
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | മുഴുവൻ കുട്ടികളും | [illegible] കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. കുട്ടികൾക്ക് ഏതു സമയത്തും വന്നു വായിക്കാൻ പറ്റുന്ന രീതിയിൽ വായനമൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. | ക്ലാസ് അധ്യാപകർ | | |
| ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ | സ്കൂളിലെ മുഴുവൻ കുട്ടികളും | സ്കൂൾ പരിസരത്തുള്ള വിവിധ വസ്തുക്കളുടെ വിവരങ്ങൾ ചേർത്ത് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കി കുട്ടികൾക്ക് നൽകുന്നു. | ക്ലാസ് അധ്യാപകർ | | |
| കുട്ടികളിലെ വായനാശീലം പൊതുവെ കുറയുന്നതായി അനുഭവപ്പെടുന്നു. | വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ | ഓരോ മാസത്തിലും ലൈബ്രറി ബുക്കുകളുടെ മികച്ച വായനാക്കുറിപ്പ് കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. | സെപ്റ്റംബർ മാർച്ച് | | |
| ആധുനിക സാങ്കേതികവിദ്യയുടെ സാധ്യത പ്രയോജനപ്പെടുത്തൽ. | എല്ലാ കുട്ടികളും | പാഠഭാഗവുമായി ബന്ധപ്പെട്ട ഐ.ടി സാധ്യതകൾ കണ്ടെത്തുന്നു. പഠന വിഭവങ്ങൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | | |

| ലക്ഷ്യം | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അവധിക്കാല അധ്യാപക പരിശീലന പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കൽ | 1, 2 ക്ലാസുകളിൽ | **സംയുക്തഡയറി.**<br>കുട്ടികളും രക്ഷിതാക്കളും ചേർന്ന് ഡയറിയെഴുത്ത്. | ജൂൺ – മാർച്ച് | ക്ലാസ് അധ്യാപകർ | |
| | | **റീഡേഴ്സ് തിയറ്റർ.**<br>കഥകളും മറ്റും വായിച്ച് കേൾക്കാൻ അവസരം നൽകുന്നു. റീഡേഴ്സ് തിയറ്റർ സാധ്യത ഉപയോഗപ്പെടുത്തി ഭാവാത്മക വായനയ്ക്കുള്ള അവസരം നൽകുന്നു. | ജൂൺ – മാർച്ച് | ക്ലാസ് അധ്യാപകർ | |
| | | **പാട്ടരങ്ങ്.**<br>വൈവിധ്യമുള്ള പാട്ടുകൾ താളാത്മകതയോടെ പരിചയപ്പെടുന്നതിനും അവ ചെറുസദസ്സിനു മുന്നാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്നു. | ജൂൺ – മാർച്ച്. | ക്ലാസ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| ഗണിതപഠനം രസകരവും ആകർഷകവും | സ്കൂളിലെ മുഴുവൻ കുട്ടികളും | ഗണിതക്ലബ്ബ്, ശാക്തീകരണം. ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ. | ജൂൺ - ആഗസ്ത് | ക്ലാസ് അധ്യാപകർ | |
| ഗണിതത്തിന്റെ മുഴുവൻ ശേഷിയും നേടാൻ സാധ്യമാക്കാൻ | പിന്നോക്ക കുട്ടികൾ | മാത്സ് ~~കൾ~~, വർക്ക് ഷീറ്റ്, മുന്നേറ്റം, ക്ലാസുകൾ, സ്കിറ്റ്, അവതരണം Geogebra പരിശീലനം | | | |
| ഗണിത സാഹിത്യ | മുഴുവൻ കുട്ടികളും | ഗണിത ശാസ്ത്രമേള, ചോദ്യോത്തര പ്പെട്ടി, ചുമർപത്രിക, ഗണിത മാഗസിൻ. | ജൂൺ മാർച്ച് | ക്ലബ്ബ് ചാർജുള്ള അധ്യാപിക. | |

| | | | | | |
|---|---|---|---|---|---|
| മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തൽ വളർത്തൽ | മുഴുവൻ കുട്ടികളും | ഗണിത ക്വിസ്, മന: കണക്കുകൾക്ക് ഉത്തരം പറയിക്കൽ, പസിലുകൾ, കുസൃതി കണക്കുകൾ, പാറ്റേൺ, റാണിയും മക്കളും, ഏണിയും പാമ്പും. | ജൂൺ - മാർച്ച് | | |
| പ്രയോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | 3,4,5 ക്ലാസുകളിൽ | കച്ചവടക്കളി, ഗണിതമേള, കളി നോട്ട്, നിർമ്മാണം, കലണ്ടർ കളി, പ്രായോഗിക പ്രശ്നങ്ങൾ അവതരണം - അപഗ്രഥനം | സെപ്റ്റംബർ ഫിബ്രവരി | ഗണിതം അധ്യാപകർ | ചാർട്ട് സ്കെച്ച് പേന. |

English.

| | | | Time period | Charge | Amount. |
|---|---|---|---|---|---|
| Lack of communication skill | 1 to 5 | *Dramatisation of stories and enacting them.<br>*Conducting english fest.<br>*Theatre workshop.<br>*Formation of english club.<br>English assembly. | June - March. | Teachers | |
| Support to gifted children. | All Childrens | * special coaching classes using language experts.<br>* Introducing English library.<br>* English book exhibition. | June - March. | Teachers. | |
| Insufficient Vocabulary. | All Children | * Magazines cgreated by children.<br>* word games, word study.<br>* using computers, spelling contexts | | | |

| | | | | | |
|---|---|---|---|---|---|
| Deffective Sentence Pattern. | All Classess. | making crossword puzzles<br>Dictionary making using the words of the text book.<br>Making sentence cards.<br>Using sentence cards in classroom correct sentence structure with ICT facilities.<br>Publishing magazines in english<br>Playing equipments for Learning english.<br>English diary | June-March. | PTA, Teachers. | |

| ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| [illegible] പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിന് | ഒന്നു മുതൽ 5 വരെ ക്ലാസിലെ കുട്ടികൾ | ശാസ്ത്രമേള ഒരുക്കൽ<br>ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>ആൽബം തയ്യാറാക്കൽ<br>ശാസ്ത്രവാർത്താ പതിപ്പ്<br>ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടൽ, ക്വിസ്<br>ICT. സാധ്യത – C.D പ്രദർശനം<br>ഫീൽഡ് ട്രിപ്പ് – പഠനയാത്ര<br>ശില്പശാലകൾ – വിദഗ്ദരുടെ ക്ലാസുകൾ | ജൂൺ-മാർച്ച് | |
| ശാസ്ത്രാഭിരുചിയും സാമൂഹ്യബോധവും വളർത്തുക | | ശാസ്ത്രപുസ്തകങ്ങൾ പരിചയപ്പെടുത്തൽ.<br>ഹെർബേറിയം തയ്യാറാക്കൽ<br>നക്ഷത്ര നിരീക്ഷണം<br>ശാസ്ത്രമാസിക നിർമാണം. | | |
| നിരീക്ഷണം പരീക്ഷണം അപഗ്രഥനം നിഗമനം തുടങ്ങിയ ശേഷികൾ വളർത്തൽ | | പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ<br>പൂന്തോട്ടം, പച്ചക്കറിത്തോട്ടം.<br>ജൈവപന്തൽ, ജൈവവൈവിധ്യ ഉദ്യാനം<br>ഒരുക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ<br>മാലിന്യനിർമാർജ്ജന പ്രവർത്തനങ്ങൾ<br>വായു ജലം, മണ്ണ് സംരക്ഷണം<br>പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ | | |

| | | | | | |
|---|---|---|---|---|---|
| വായനയും എഴുത്തും വികസിപ്പിക്കുക | സ്കൂളിലെ മുഴുവൻ കുട്ടികളും | പത്രവായന, ആനുകാലിക വാർത്താ ക്വിസ്, ചിത്രം, അടിക്കുറിപ്പ് പറയിപ്പിക്കൽ ഐസിടി ഉപയോഗിച്ച് കഥ കേൾപ്പിക്കുന്നു. | | ക്ലാസ് അധ്യാപകൻ | |
| സർഗാത്മക രചനകളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവസരമൊരുക്കി രചനകൾ രക്ഷിതാക്കളുമായി പങ്കുവയ്ക്കൽ | സ്കൂളിലെ മുഴുവൻ കുട്ടികളും | രചനകൾ ലിസ്റ്റ് ചെയ്യൽ, രചനകൾ നിർമ്മിക്കൽ, പതിപ്പാക്കൽ, സിപിടിഎയിൽ അവതരണം കൈയെഴുത്തുമാസിക പ്രകാശനം, പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിക്കൽ | ജൂലായ് – ഫെബ്രുവരി | അധ്യാപകർ പിടിഎ സിപിടിഎ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | വിഭവങ്ങൾ |
|---|---|---|---|---|
| അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടി | പ്രീടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>പദങ്ങൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കൽ<br>അക്ഷരം തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് അക്ഷരങ്ങൾ നൽകി നിറം നൽകൽ. | 3 മാസം | പഠനോപകരണ വർക്ക്ഷീറ്റ് ചാർട്ടുകൾ കാർഡുകൾ | BRC PTA |
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ<br>നല്ല വായനക്കാരനാക്കൽ<br>കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | ചിത്രകഥകൾ, കഥാപുസ്തകം, കുട്ടിക്കവിതകൾ<br>വായനമത്സരം<br>ക്വിസ്, പുസ്തകശേഖരം, ക്ലാസ് തല വായന<br>എല്ലാ ദിവസവും പീരിയഡിന്റെ ആദ്യത്തെ 5 മിനിട്ട് ഓരോ ഓരോ ബുക്കിന്റെ ഓരോ പേജ് ഉറക്കെ വായിക്കുന്നു. കൂടുതൽ വായിച്ച കുട്ടിക്ക് സമ്മാനം നൽകുന്നു. | 8 മാസം<br>10 മാസം | സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ | അധ്യാപകർ വിരമിച്ച അധ്യാപകർ |
| ഐസിടി സാധ്യത പ്രയോജനപ്പെടുത്തൽ<br>മത്സരങ്ങൾ | വർക്ക്ഷീറ്റുകൾ നൽകി എഴുതിക്കൽ.<br>പതിപ്പുകൾ തയ്യാറാക്കൽ<br>ചിത്രീകരണങ്ങൾ<br>ആനിമേഷൻ ആക്ടിവിറ്റീസ്<br>കളറിംഗ്<br>ക്വിസ് പദനിർമ്മാണം, കഥപറയൽ, കളറിംഗ്<br>കവിത ചൊല്ലൽ, പദപ്രശ്നം, ഗദ്യവായന, ഖുർആൻ പാരായണം<br>മെമ്മറി ടെസ്റ്റ് | ജൂൺ–മാർച്ച് | കാർഡുകൾ | BRC PTA |

| ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| പ്രവൃത്തി പരിചയമേളകളിൽ പങ്കാളിത്ത വിജയം ഉറപ്പാക്കൽ | 4 ക്ലാസിലെ കുട്ടികൾ | ഒറിഗാമി പരിശീലനം<br>ഓല കൊണ്ടുള്ള ഉൽപന്നങ്ങൾ നിർമ്മിക്കൽ<br>പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് പഠനോപകരണങ്ങൾ.<br>കഴിവുള്ള കുട്ടികളെ മേളകളിലേക്ക് തെരഞ്ഞെടുക്കൽ<br>പ്രത്യേക പരിശീലനം,<br>ശില്പശാലകൾ. പ്രദർശനവും വില്പനയും, | സെപ്റ്റംബർ നവംബർ | അധ്യാപകർ പി.ടി.എ MPTA | 5000 |
| അധ്യാപക ശാക്തീകരണം | എല്ലാ അധ്യാപകരും | അധ്യാപക പരിശീലന പരിപാടിയിൽ പങ്കാളിത്തം ഉറപ്പാക്കൽ. മികച്ച റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കൽ | ഏപ്രിൽ മെയ് | ഡയറ്റ് എസ്. എസ്. എ | |
| പി.ടി.എ ശാക്തീകരണം | പി.ടി.എ അംഗങ്ങൾ | ബോധവത്കരണ ക്ലാസുകൾ -<br>പരിശീലന പരിപാടികൾ -<br>കലാകായിക മത്സരങ്ങൾ.<br>ദിനാചരണങ്ങളിലും ആഘോഷങ്ങളിലും പങ്കാളിത്തം. | | | |

| ലക്ഷ്യം | ടാർഗറ്റ് ഗ്രൂപ്പ് | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികളുടെ നൈസർഗിക കലാവാസനകൾ പരിപോഷിപ്പിക്കൽ | 1 മുതൽ 5 വരെ ക്ലാസിലെ കുട്ടികൾ | ICT സാധ്യത ഉപയോഗപ്പെടുത്തി CD കവിതകൾ, നാടൻപാട്ടുകൾ ശ്രവിക്കാനവസരം സർഗവേള ആഴ്ചയിൽ ഒന്ന്. ബാലസഭ മാസത്തിൽ ഒന്ന്. കലാമേളയ്ക്ക് വേണ്ടി തെരഞ്ഞെടുക്കൽ പ്രത്യേക പരിശീലനങ്ങൾ സ്കൂൾതല മേളകൾ സബ്ജില്ലാ മേള പങ്കെടുപ്പിക്കൽ. | ജൂൺ-ജനുവരി | | |
| കായികശേഷി പരിപോഷിപ്പിക്കൽ | മുഴുവൻ കുട്ടികളും | അസംബ്ലി മാസ്ഡ്രിൽ നാടൻകളിമേള കോൽക്കളി പരിശീലനം, സ്കിപ്പിംഗ് റോപ്പ് റിംഗ്, ഷട്ടിൽബാറ്റ് തുടങ്ങിയവ ശേഖരിക്കൽ പരിശീലനം നൽകൽ യോഗാപരിശീലനം. | | | |
| ആരോഗ്യം, സമ്പത്ത് എന്ന ബോധം ഉറപ്പിക്കൽ | | നല്ല ആഹാരശീലങ്ങൾ വളർത്തൽ - ബോധവൽക്കരണ ക്ലാസുകൾ. CD പ്രദർശനം പോഷകസമൃദ്ധമായ ഭക്ഷണം വീട്ടിലും സ്കൂളിലും ഉറപ്പാക്കൽ. | | | |